**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6400** **20-03-2023 - ൽ മറുപടിയ്ക്ക്**

**സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | റീബിൽഡ് കേരള ഡെവലപ്മെന്റ്, കിഫ്ബി ഫേസ് II സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിലേയ്ക്ക് 2365 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 368 അപേക്ഷകൾ (480 അർഹതപ്പെട്ട കുടുംബങ്ങൾ) തീർപ്പാക്കിയിട്ടുണ്ട്.<br>റീബിൽഡ് കേരള ഡെവപല്മെന്റ് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 326 അർഹതപ്പെട്ട കുടുംബങ്ങൾ പദ്ധതിയുടെ ഭാഗഭാക്കായിട്ടുള്ളതാണ്. 326 അർഹതപ്പെട്ട കുടുംബങ്ങളിൽ, 168 അർഹതപ്പെട്ട കുടുംബങ്ങൾക്ക് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം വീതം നൽകി വനാന്തരങ്ങളിൽ നിന്ന് മാറി പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. 158 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം, 37.05 കോടി രൂപ റീബിൽഡ് കേരള ഡെവപല്മെന്റ് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 326 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുക നൽകിയിട്ടുള്ളതാണ്.<br>കിഫ്ബി ഫേസ് II സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 154 അർഹതപ്പെട്ട കുടുംബങ്ങൾ പദ്ധതിയുടെ ഭാഗഭാക്കായിട്ടുള്ളതാണ്. 154 അർഹതപ്പെട്ട കുടുംബങ്ങളിൽ, 62 അർഹതപ്പെട്ട കുടുംബങ്ങൾക്ക് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം വീതം നൽകി വനാന്തരങ്ങളിൽ നിന്ന് മാറി പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. 92 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം, 16.2 കോടി രൂപ കിഫ്ബി ഫേസ് II സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 154 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുക നൽകിയിട്ടുള്ളതാണ്.<br>മേൽ പദ്ധതികൾ പ്രകാരം |

| | | | |
|---|---|---|---|
| | | | 480 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിതുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറി താമസിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുള്ളതും ഇപ്രകാരം, 53.25 കോടി രൂപ ഈയിനത്തിൽ ചിലവാക്കിയിട്ടുള്ളതുമാണ്. |
| (ബി) | പദ്ധതിയുടെ ഭാഗമായി പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെയും അനുവദിച്ച തുകയുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ബി) | റീബിൽഡ് കേരള ഡെവലപ്മെന്റ്, കിഫ്ബി ഫേസ് II സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുടെ ഭാഗമായി പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെയും അനുവദിച്ച തുകയുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി**

| ക്രമ നമ്പർ | ജില്ല | അർഹതപ്പെട്ട കുടുംബങ്ങളുടെ എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1 | കൊല്ലം | 130 | 17.925 |
| 2 | കാസർകോട് | 12 | 1.725 |
| 3 | വയനാട് | 93 | 10.05 |
| 4 | ഇടുക്കി | 52 | 4.425 |
| 5 | എറണാകുളം | 22 | 1.65 |
| 6 | കോഴിക്കോട് | 17 | 1.275 |
| | **ആകെ** | **326** | **37.05** |

**കിഫ്ബി ഫേസ് II സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി**

| ക്രമ നമ്പർ | ജില്ല | അർഹതപ്പെട്ട കുടുംബങ്ങളുടെ എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1 | കൊല്ലം | 76 | 7.875 |
| 2 | കണ്ണൂർ | 35 | 5.1 |
| 3 | വയനാട് | 43 | 3.225 |
| | **ആകെ** | **154** | **16.2** |